**No.S.S 1 / 2017**

# ദൈവകൃപയാൽ
# അന്ത്യോഖ്യായുടെയും, കിഴക്കൊക്കെയുടെയും
# പരിശുദ്ധ പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൻ കീഴിലുള്ള
# യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ
# സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റ് ആയ
# അഫ്രേം മാത്യൂസ് മെത്രാപ്പോലീത്തായിൽ നിന്നും

**നമുക്കേത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും, ബഹു. വികാരിമാരും, സഹവികാരി മാരും, കൈക്കാരന്മാരും, ഭരണസമിതി അംഗങ്ങളും, സൺഡേസ്കൂൾ പ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യ മക്കൾക്ക് കർത്താവിൽ വാഴ്വ്.**

**പ്രിയരെ സസ്നേഹം അറിയിക്കുന്നത്,**

ദൈവത്തിന്റെ അളവറ്റ കരുണയാൽ എം.ജെ.എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടക്കുന്നതിൽ നമുക്കു ദൈവത്തെ സ്തുതിക്കാം. 2017 വർഷത്തെ സൺഡേസ്കൂൾ അദ്ധ്യയന വർഷം ആരംഭിക്കുകയും കുട്ടികളുടെ പഠനം എല്ലാ സ്കൂളുകളിലും സമാരംഭിക്കുകയും ചെയ്തുവെന്നു കരുതുന്നു. ഇടവകയിൽ സൺഡേസ്കൂൾ പഠനത്തിനായി പ്രായമായ എല്ലാ കുഞ്ഞുങ്ങളേയും ഒന്നാം ക്ലാസിലും, അതോടൊപ്പം ഇടയ്ക്കുവെച്ചു വിവധ കാരണങ്ങളാൽ പഠനം പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നിട്ടുള്ള കുട്ടികളെ ഉയർന്ന ക്ലാസ്സുകളിലും സൺഡേസ്കൂൾ വിദ്യാഭ്യാസ പൂർത്തീകരണത്തിനായി അയക്കുന്നതിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. യാക്കോബായ സുറിയാനി സഭയിലെ നമ്മുടെ കുഞ്ഞുങ്ങൾ ആരും സൺഡേസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കാത്തതായി ഉണ്ടാകുവാൻ പാടില്ല. ഇതിലൂടെ ആത്മീകമായ വളർച്ച കുട്ടികൾ പ്രാപിക്കുന്നു. ഈ വളർച്ച മനുഷ്യന്റെ ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്നു. ഓരോ വ്യക്തിക്കും രൂപാന്തരപ്പെടുന്നതിനും സത്യമെന്തെന്നറിയുന്നതിനും അത് അനുഭവിക്കുന്നതിനും ഇതു മുഖാന്തിരമാകും. ഈ അവസരങ്ങൾ തക്കത്തിൽ ഉപയോഗിക്കുവാൻ നമുക്കു ചുമതലയുണ്ടെന്നു നാം മറന്നു പോകരുത്. ബൈബിളിനനുസൃതമായി നമ്മെ ഒരുക്കുവാനുള്ള പ്രധാന വിദ്യാലയമാണ് സൺഡേസ്കൂൾ എന്നത് നാം ഓർത്ത് നമ്മുടെ കുഞ്ഞുങ്ങളെ വിദ്യാഭ്യാസത്തിനായി സൺഡേസ്കൂളിലേക്കു ഞായറാഴ്ചകളിൽ അയക്കണം. കുട്ടികൾ സദാചാര മൂല്യങ്ങളുള്ളവരായി വളർന്നു വരണം.

ഇന്നു എം.ജെ.എസ്.എസ്.എ. യുടെ വിവിധ പ്രവർത്തനങ്ങളാൽ പ്രസ്ഥാനത്തിന് അത്ഭുതപൂർവ്വമായ വളർച്ചയാണ് ഉണ്ടായിരിക്കൊണ്ടിരിക്കുന്നത്. അതിനു സഹായിക്കുന്ന എല്ലാ വിശ്വാസികളേയും അദ്ധ്യാപകരേയും കുഞ്ഞുങ്ങളേയും ഈ അവസരത്തിൽ അനുമോദിക്കുന്നു

**1. പാഠപുസ്തക പരിഷ്ക്കരണം** : എം.ജെ.എസ്.എസ്.എ.യുടെ നിലവിലുള്ള പാഠപുസ്തകങ്ങൾ ജെ.എസ്.വി.ബി.എസ് പാഠ്യപദ്ധതി എന്നിവയിൽ സമൂലമായ മാറ്റം വരുത്തുന്നതിനുള്ള ശ്രമങ്ങൾ ധൃതഗതിയിൽ നമ്മുടെ നേതൃത്വത്തിൽ നടന്നു വരികയാണ്. അടുത്ത അദ്ധ്യയന വർഷം പുതിയ പാഠ്യപദ്ധതി നടപ്പിലാക്കണമെന്നതാണു ലക്ഷ്യം.

**2. എം. ജെ. എസ്. എസ്. എ. ക്യാമ്പ് സൈറ്റ് എന്ന സ്വപ്നപദ്ധതി** : നമ്മുടെ സഭയിലെ കുഞ്ഞുങ്ങളുടെ മാത്രമല്ല വിശ്വാസികളായ സഭാമക്കളുടെ വിദ്യാഭ്യാസപരവും ആത്മീകദായകവുമായ എല്ലാ പഠനങ്ങളും, ധ്യാനയോഗങ്ങൾ, സെമിനാറുകൾ, കൗൺസലിംഗ് ക്ലാസ്സുകൾ, ചർച്ചാ ക്ലാസ്സുകൾ, സംവാദങ്ങൾ, ഓൾ ഇന്ത്യ സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള ഷോർട്ട് ടേം കോഴ്സ് എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, കുട്ടികൾക്കു വായിക്കുന്നതിനും പഠിക്കുന്നതിനുമുള്ള വിശാലമായ ലൈബ്രറി, കോൺഫറൻസ് ഹോൾ, താമസ മുറികൾ എന്നി സൗകര്യങ്ങളുള്ള വലിയ ഒരു പ്രൊജക്റ്റിനു രൂപം നൽകുകയും പണികൾ ധൃതഗതിയിൽ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഈ സ്വപ്ന പദ്ധതി ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടിയിരിക്കുന്നു. എല്ലാ കുടുംബാംഗങ്ങളുടേയും പ്രാർത്ഥനയും, സഹായവും, പങ്കാളിത്തവും ഇതിൽ ഉണ്ടാകണമെന്നു സ്നേഹബുദ്ധ്യാ നാം ഓർമ്മിപ്പിക്കുന്നു. എല്ലാ പള്ളികളും സഹായങ്ങൾ നൽകി ഇതിൽ പങ്കാളികളാകണം.

**3. ആത്മദീപം മാസിക** : എം.ജെ.എസ്.എസ്.എ. യുടെ നാവെന്നറിയപ്പെടുന്ന ആത്മദീപം മാസിക കെട്ടിലും മട്ടിലും മാറ്റങ്ങൾ വരുത്തി പുതിയ പക്തികളും ഈടുറ്റ ലേഖനങ്ങളും ഉൾപ്പെടുത്തി അതിന്റെ 37-ാം വയസിലേക്ക് കടന്നിരിക്കുന്നു. 16,000 കോപ്പികൾക്കടുത്തെത്തിയിരിക്കുന്ന വരിക്കാരുടെ എണ്ണം മാർച്ച് 31 നകം 25,000 ആക്കി ഉയർത്തുവാൻ ലക്ഷ്യമിടുന്നു. ഓരോ ഇടവക പള്ളിയും സൺഡേസ്കൂളുകളും 1000/ ക വരിസംഖ്യയുള്ള ആയുഷ്ക്കാല വരിക്കാരായി (15 വർഷം) ചേരണമെന്ന് നാം ഉത്ബോധിപ്പിക്കുന്നു. എല്ലാ കുടുംബങ്ങളിലും ആത്മദീപം എത്തണമെന്നതാണ് ലക്ഷ്യമെന്നു മനസിലാക്കി അദ്ധ്യാപകർ ആയതിനുള്ള പരിശ്രമങ്ങൾ നടത്തണം.

**4. വെക്കേഷൻ ബൈബിൾ സ്കൂൾ** : മദ്ധ്യവേനൽ അവധിക്കാലം കുട്ടികൾക്ക് ആഹ്ളാദ പ്രദമാക്കുവാൻ വി.ബി.എസ്. സമാഗതമായിരിക്കുന്നു. "നീതിയിൻ കിരീടം" 2 തീമോത്തിയോസ് 4:8 എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. എല്ലാ സൺഡേസ്കൂളുകളും വിബിഎസ് കേന്ദ്രങ്ങളായി മാറണം. ഇതിൽ നിന്നും ഡേ ഓഫ് ഗിവിംഗ് ആയി സമാഹരിക്കുന്ന ചെറുതും വലുതുമായ തുകകൾ ഈ പ്രസ്ഥാനത്തിലെ സാമ്പത്തിക ക്ലേശമനുഭവിക്കുന്നവർക്കായി ചെലവഴിച്ചു വരുന്നു. ഏകദേശം 75 ലക്ഷം ക ഈ ഇനത്തിൽ എം.ജെ.എസ്.എസ്.എ. യ്ക്കു ധനസഹായമായി ചുരുങ്ങിയ കാലയളവിൽ നൽകുവാൻ കഴിഞ്ഞു. എല്ലാവരുടേയും കരുതൽ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നും ഓർമ്മിക്കുന്നു.

സൺഡേസ്കൂൾ പ്രസ്ഥാനം ഇന്ന് മറ്റ് ആത്മീക സംഘടനകൾക്കു മാതൃകയായി പ്രവർത്തിക്കുന്നതിൽ നമുക്കഭിമാനിക്കാം, ദൈവത്തെ സ്തുതിക്കാം. ഇനിയും ഒട്ടനവധി കാര്യങ്ങൾ ചെയ്യുവാനുണ്ട്. ദൈവത്തിൽ ആശ്രയിച്ച് അതിനായി പരിശ്രമിക്കാം. എല്ലാ പ്രവർത്തകരേയും നന്ദിയോടെ സ്മരിക്കുകയും പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .....................

പുത്തൻകുരിശ്
എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസിൽ നിന്നും
2017 ഫെബ്രുവരി മാസം 1-ാം തീയതി

**മാത്യൂസ് അഫ്രേം മെത്രാപ്പോലീത്ത**